# പരീക്ഷകളെ ജയിച്ചു മുന്നേറുക

## ലൂക്കോസ് 4:13

"അങ്ങനെ പിശാച് സകല പരീക്ഷയെയും തികച്ചശേഷം കുറേക്കാലത്തേക്ക് അവനെ വിട്ടുമാറി.''

മരുഭൂമിയിൽവെച്ച് കർത്താവിന്റെ ജീവിതത്തിൽ കടന്നുവന്നതായ മൂന്നു പരീക്ഷണങ്ങൾ നമുക്കേവർക്കും സുപരിചിതമാകുന്നു. യോർദ്ദാനിൽവെച്ച് പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവനായ യേശുകർത്താവിനെ ആത്മാവാകുന്നുവല്ലോ മരുഭൂമിയിലേക്ക് നടത്തിയത്. അവിടെവെച്ച് പിശാച് അവനെ പരീക്ഷിച്ചുകൊണ്ടേയിരുന്നു. പരീക്ഷിച്ചു എന്നല്ല പരീക്ഷിച്ചു കൊണ്ടേയിരുന്നു (ലൂക്കോസ് 4:1). വീണ്ടും നാം 13-ാം വാക്യത്തിൽ ഇപ്പോൾ കണ്ടു, സകല പരീക്ഷയേയും തികച്ചശേഷം കുറേക്കാലത്തേയ്ക്ക് അവനെ വിട്ടുമാറി.

ദൈവമക്കളായ ഓരോരുത്തരുടേയും ജീവിതത്തിലെ യാഥാർത്ഥ്യമായ ഒരു ദൃഷ്ടാന്തം ആണ് വചനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത്. ദൈവപുത്രനായ യേശുവിന്റെ തന്നെ ജീവിതം അതാണ് നമ്മെ ഇവിടെ കാണിച്ചത്. ആത്മനിയന്ത്രിതമായ ഒരു ജീവിത മധ്യത്തിൽ, ഒരു മരുഭൂമിയാത്ര അഥവാ മരുഭൂമിയുടെ അനുഭവം തീർച്ചയായും ഉണ്ട്. ജീവിതത്തിലെ സകലവിധമായ സുഖസൗകര്യങ്ങളുടേയും, അനുകൂലമായ സാഹചര്യങ്ങളുടേയും മധ്യത്തിലാണെന്ന് നാം കരുതിയാലും ഈ ഒരു അനുഭവം തീർച്ചയായും ഇല്ലേ. ദൈവാത്മാവിനാൽ നിയന്ത്രിതമായ ജീവിതങ്ങളെ തകർക്കുക എന്നതാണ് പൈശാചികന്റെ പദ്ധതി. ജീവിതത്തിൽ നേരിടുന്നതായ ചെറുതോ വലുതോ ആയ ഏതു ബലഹീനതകളെയും, കയ്പേറിയ അനുഭവങ്ങളേയും, വേദനകളേയും, പ്രലോഭനങ്ങളേയും ഒക്കെ നാം മരുഭൂമി എന്നു കരുതുമ്പോൾ, നമ്മെ പരീക്ഷിപ്പാൻ പിശാചിന്റെ തന്ത്രം പതിയിരിപ്പുണ്ട് എന്ന സത്യം നമുക്ക് കാണിച്ചു തരുന്നു.

ബലഹീനതകളുടെ മധ്യത്തിലാണല്ലോ മനുഷ്യന്റെ വീഴ്ച വളരെ പെട്ടെന്ന് സംഭവിക്കുന്നത്. ഇത് ലോകത്തിൽ കാണുന്ന വേദനിപ്പിക്കുന്ന ഒരു സത്യമാകുന്നു. നാല്പതു ദിവസം ഉപവസിക്കുമ്പോൾ ശരീരംകൊണ്ട് മനുഷ്യൻ ക്ഷീണിക്കും എന്ന യാഥാർത്ഥത്തിന്റെ വെളിച്ചത്തിലാണ് പിശാച് ആദ്യ പരീക്ഷണവുമായി കർത്താവിന്റെ അടുക്കലേക്ക് വരുന്നത്. ഓരോ പരീക്ഷകളേയും ജയിച്ചു മുന്നേറിയപ്പോഴും വചനം നമ്മോടു പറയുന്നു, പിശാച് അവനെ പരീക്ഷിച്ചുകൊണ്ടേയിരുന്നു.

പ്രിയരേ, ഈ വിശ്വാസജീവിതം തീർച്ചയായും ഒരു പോരാട്ടം തന്നെ ആകുന്നു. ഓരോ പോരാട്ടങ്ങളും ജയിച്ചു മുന്നേറുമ്പോൾ അടുത്തത് അവിടെ ഒരുങ്ങിക്കഴിഞ്ഞു. ഈ സത്യത്തിലൊന്ന് നമ്മെത്തന്നെ ഉറപ്പിക്കാൻ ഈ നാളുകളിൽ അധികമായി

കർത്തൃകരങ്ങൾ ഇടയാക്കട്ടെ. ദൈവവചനത്താൽ പരീക്ഷണങ്ങളെ ജയിച്ച കർത്താവിൽ മാത്രം നമുക്ക് ആശ്രയിക്കാം. നമ്മെ ശക്തീകരിക്കാൻ, ഉറപ്പിക്കാൻ, പരീക്ഷകളെ ജയിച്ചു കീഴടക്കാൻ മാറ്റമില്ലാത്ത കർത്താവിന്റെ സാന്നിധ്യം ഏറെ ആവശ്യമാകുന്നു. അതിനായി പ്രാർത്ഥിക്കാം. കുറേക്കാലത്തേയ്ക്ക് അവനെ വിട്ടുപോയി, എന്നു പറയുമ്പോൾ ദുഷ്ട ശക്തിയുടെ വ്യാപാരം ഓരോ ജീവിതത്തിലും കടന്നുവരാമെന്നു തന്നെ വ്യക്തമാക്കുന്നു. എന്നാൽ പിശാചിന്റെ തലയെ തകർത്തവനായ കർത്താവിന്റെ ജയം നമുക്കവകാശമാകയാൽ സകല പരീക്ഷകളും നമുക്കും ജയിച്ചു മുന്നേറാം. പതിയിരിക്കുന്ന പൈശാചിക പോരാട്ടങ്ങളെ തിരിച്ചറിയുവാനുള്ള പരിജ്ഞാനം തരണമേ എന്നു പ്രാർത്ഥിക്കാം.

**പരാമർശം:**

1 കൊരിന്ത്യർ 10:13

മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 121**